Draft #1 of File 3007/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR P & D on 05-Feb-2019 04:12 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ അക്കാഡമിക് ഡെപ്പോസിറ്റോറിയിൽ(NAD) അംഗമാകുന്നത് - ഡെപ്പോസിറ്ററി സർവ്വീസ് പ്രൊവൈഡറായ NDML(Academic Depository Wing of NSDL) എന്ന സ്ഥാപനവുമായി കരാർ ഒപ്പ് വെച്ചത് - 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം 3.10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.01.2019- ലെ സ.ഉ. നമ്പർ 227/പി&ഡി III/2/2019/ ഭ.വി സർവ്വകലാശാലാ ഉത്തരവ് സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു- ഉത്തരവ് പുറപ്പെടുവിക്കുന്നു .

**പ്ലാനിംഗ് & ഡവലപ്മെന്റ് 3**

നമ്പർ. 459/P&D 3/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 08.02.2019

പരാമർശം:-(1) സ.ഉ. നം.2/2019/MGU- ADMINISTRATION തീയതി 01.01.2019

(2) സ.ഉ. 117/പി&ഡി III/2/2018/ ഭ.വി , തീയതി 03.01.2019

(3) 07.01.2019-ന്ന കൂടിയ സിൻഡിക്കേറ്റിന്റെ അക്കാഡമിക് അഫയേഴ്സ് ഉപസമിതി യോഗത്തിന്റെ മിനിട്സ്

(4 ) സ.ഉ നം. 227/ പി&ഡി III/2/2019/ ഭ.വി, 10.01.2019

(5 ) 22.01.2019-ന്ന കൂടിയ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്സ് ഇനം നം ഒ. എ 32/19.01/190052

**ഉത്തരവ്**

പരാമർശം (1) പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ അക്കാഡമിക് ഡെപ്പോസിറ്റോറിയിൽ(NAD) അംഗമാകുന്നതിന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിരുന്നു. നാഷണൽ അക്കാഡമിക് ഡെപ്പോസിറ്റോറിയിൽ അംഗമാകുന്നതിന്റെ ഭാഗമായി NDML(Academic Depository Wing of NSDL) എന്ന സ്ഥാപനത്തെ ഡെപ്പോസിറ്ററി സർവീസ് പ്രൊവൈഡറായി ചുമതലപ്പെടുത്തുന്നതിന് ബഹു വൈസ് ചാൻസലർ അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ NDML പ്രതിനിധിയുമായി ബഹു. വൈസ് ചാൻസലർ, ഡോ. ആർ.പ്രഗാഷ്, (സിൻഡിക്കേറ്റിന്റെ പരീക്ഷ ഉപസമിതി കൺവീനർ), പ്രൊഫ. ടോമിച്ചൻ ജോസഫ് (സിൻഡിക്കേറ്റ് അംഗം) പരീക്ഷാ കൺട്രോളർ, അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാഡമിക്) എന്നിവർ ചർച്ച നടത്തിയിരുന്നു.പ്രസ്തുത ചർച്ചയിൽ NDML പ്രതിനിധി NAD-ൽ അംഗത്വത്തിനുള്ള നിശ്ചിത മാതൃകയിലുള്ള അപേക്ഷയും NDML-ഉമായി ഏർപ്പെടേണ്ട കരാറിന്റെ കരടും സമർപ്പിക്കുകയുണ്ടായി.അതിന്റെ അടിസ്ഥനത്തിൽ പ്രസ്തുതയോഗം NDML -ഉമായി ഏർപ്പെടുന്ന കരാറിന്റെ കരട് ലീഗൽ അഡ്വൈസറുടെ പരിശോധനക്ക് ശേഷം അംഗീകാരത്തിനായി സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. അത് പ്രകാരം കരാറിന്റെ കരട് ലീഗൽ അഡ്വൈസറുടെ അഭിപ്രായത്തോടുകൂടി ബന്ധപ്പെട്ട ഫയൽ സഹിതം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

പരാമർശം (3) പ്രകാരം, 07.01.2019-ന്ന കൂടിയ സിൻഡിക്കേറ്റിന്റെ അക്കാഡമിക് അഫയേഴ്സ് ഉപസമിതി, മഹാത്മാഗാന്ധി സർവ്വകലാശാല നാഷണൽ അക്കാഡമിക് ഡെപ്പോസിറ്റോറിയിൽ അംഗമാകുന്നത് സംബന്ധിച്ച് താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

- മഹാത്മാ ഗാന്ധി സർവ്വകലാശാല നാഷണൽ അക്കാഡമിക് ഡെപ്പോസിറ്ററി (NAD)-ൽ അംഗമാകുന്നതിന്റെ ഭാഗമായി NSDL Database Management Limited (NDML)-ഉമായി കരാർ ഒപ്പ് വെക്കുന്നതിനു സർവ്വകലാശാലാ രജിസ്ട്രാറെ ചുമതലപ്പെടുത്തുന്നതിനു ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു . NDML-ഉമായി ഏർപ്പെടേണ്ട കരാർ നിലവിലുള്ള രൂപത്തിൽ അംഗീകരിക്കുന്നതിന് ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു .
- NAD അംഗത്വത്തിന്റെ ഭാഗമായി NDML-ന് സമർപ്പിക്കേണ്ട പ്രൊഫോർമ തയ്യാറാക്കി

നൽകുന്നതിന് പരീക്ഷാ കൺട്രോളറെ (Nodal Officer NAD, MGU) ചുമതലപ്പെടുത്തുവാൻ ശുപാർശ ചെയ്യുവാൻ തീരുമാനിച്ചു.

മേൽ ശുപാർശകൾ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം 3.10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ NDML-ഉമായി ഏർപ്പെടേണ്ട കരാറിന്റെ അസ്സൽ സർവ്വകലാശാല ഒന്നാം കക്ഷിയായി , രജിസ്ട്രാറുടെ ചുമതല വഹിച്ചിരുന്ന ജോയിന്റ് രജിസ്ട്രാർ ഒപ്പുവെച്ച് അനുബന്ധ പ്രൊഫോർമ സഹിതം NDML പ്രതിനിധിക്ക് കൈമാറുകയുണ്ടായി.

പരാമർശം (5 ) പ്രകാരം 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട്, അദ്ധ്യായം 3.10(17) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ കൈക്കൊണ്ട നടപടിയും തദനുസരണം പുറപ്പെടുവിച്ച 10.01.2019- ലെ സ.ഉ. നമ്പർ 227/പി&ഡി III/2/2019/ ഭ.വി സർവ്വകലാശാലാ ഉത്തരവും സിൻഡിക്കേറ്റ് യോഗത്തിൽ റിപ്പോർട്ട് ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

THULASEELAL R N

ഡപ്യൂട്ടി രജിസ്ട്രാർ പി & ഡി
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി.സി / പി.വി.സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ജോയിന്റ് രജിസ്ട്രാർ- I (ഭരണ വിഭാഗം )
4. ജോയിന്റ് രജിസ്ട്രാർ- II (ഭരണ വിഭാഗം )
5. ജോയിന്റ് രജിസ്ട്രാർ- III (ഭരണ വിഭാഗം )
6. ഡെപ്യൂട്ടി രജിസ്ട്രാർ-IV ( പരീക്ഷ)
7. എ ആർ- III (അക്കാഡമിക്)
8. സിസ്റ്റം മാനേജർ (ഇൻ ചാർജ്)
9. സെക്ഷൻ ഓഫീസർ, സീ ടെക്സ്റ്റ് - 2
10. ഫിനാൻസ് I , IV /ഓഡിറ്റ് I , V , അക്കൗണ്ട്സ് V , IQAC
11. എ സി സി സെക്ഷൻ /എ ഡി ഡി സെക്ഷൻ
12. ജോയിന്റ് ഡയറക്ടർ , കെ എസ് എ ഡി
13. റെക്കോർഡ്സ് സെക്ഷൻ / ജനറൽ ക്യാഷ്
14. സി . എം . എസ്
15. എസ് .എഫ്/ എഫ്. സി

Draft #1 of File 3007/P&D 3/1/2019/P&D 3 Approved by DEPUTY REGISTRAR P & D on 05-Feb-2019 04:12 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം